# വചന വിചിന്തനം : ഏപ്രിൽ 26 ഞായർ, 2009

**യോഹ. 14 : 1–14**

**''ഞാനും പിതാവും ഒന്നാകുന്നു''**

വചനം ജീവനാണ് യേശുവിന്റെ വചനം അവിടുത്തെ നാമമാണ്. അപ്പത്തിൽ കർത്താവിനെ കണാൻകഴിയുന്ന നമുക്ക് വചനത്തിലും കർത്താവിനെ കാണാൻ കഴിയണം. മനുഷ്യനെ അറിയാൻ കഴിയുന്നത് അവന്റെ വാക്കിലൂടെയാണ്. ഉള്ളു വെളിപ്പെടുത്തുന്നതാണ് വാക്ക്. വചനം പറയുന്നു ''ഞാനാണ് വഴിയും സത്യവും ജീവനും എന്നിലൂടെയല്ലാതെ ആരും ജീവനിലേയ്ക്ക് വരുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു''. ആധികാരികതയുടെ വചനം.... നിശ്ചയദാർഢ്യത്തിന്റെ വചനം...

തന്റെ പീഢാനുഭവത്തിന്റെ നാളുകളിൽ യഹൂദരോടും ഫരിസേയരോടും അവിടുന്ന് ചോദിക്കുന്നു ''നിങ്ങളിൽ ആർക്ക് എന്നിൽ കുറ്റമാരോപിക്കാൻ കഴിയും''. ഇത് ആത്മീയതയുടെ വചനം.... തിരുസഭാമാതാവ് നമ്മുടെ മുൻപിൽ തരുന്ന സന്ദേശവും മറ്റൊന്നല്ല. വചനം ജീവനാകണം ജീവിതസാക്ഷ്യമാവണം. സാക്ഷ്യമാവണമെങ്കിൽ സാക്ഷ്യപ്പെടുത്തുന്നവനെ അറിയണം. ക്രൈസ്തവന്റെ ജീവിതം ഒരു വെല്ലുവിളിയാണ്. ക്രിസ്തുവിനെ അറിയാൻ, അവന്റെ അനുയായിയാവാനുള്ള വെല്ലുവിളി; ഞാൻ വഴിയാണ് സത്യമാണ് ജീവനാണ് എന്നു വിളിച്ചവനെ അനുഗമിക്കാനുള്ള വെല്ലുവിളി.

ക്രിസ്തുവിനെ അനുകരിക്കണമെങ്കിൽ അവന്റെ ശൈലി എന്റെ ശൈലിയാവണം. അവന്റെ ഭാഷ എന്റെ ഭാഷയാവണം. ചുരുക്കത്തിൽ എന്റെ വാക്കും പ്രവർത്തിയും ഒന്നാകവണം. ഞാനായിരിക്കുന്നിടത്ത് ഞാനിടപെടുന്നിടത്ത് എന്നെ പങ്കുവച്ചു നൽകുന്നവരുടെ അടുത്ത് ഈ ഒന്നാകലിന്റെ സുവിശേഷം മുറിച്ചുവിളമ്പണം. അപ്പോൾ അവിടെയൊരു ബലിയർപ്പണം നടക്കുന്നു. തമ്പുരാൻ സാന്നിദ്ധ്യമാകുന്നു. ഈ സത്യമാണ് 12-ാം തിരുവചനത്തിലൂടെ ഈശോ പറയുന്നത് ''എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവർത്തികൾ ചെയ്യും''.

ക്രൈസ്തവന്റെ അത്താണിയാണ് വിശ്വാസം. ശ്ലീഹാ പറയുന്നു ''കർത്താവ് മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു എന്ന് വിശ്വസിക്കുന്നില്ലെങ്കിൽ എന്റെ പ്രസംഗം വ്യർത്ഥം''. ഈ വിശ്വാസത്തിന്മേലാണ് ക്രൈസ്തവസഭ പണിതുയർത്തപ്പെട്ടിരിക്കുന്നത്. പ്രസിദ്ധ തത്വശാസ്ത്രജ്ഞനായ സോറൻ കീർക്കഗാർഡ് പറയുന്നു ''വിശ്വാസമെന്നത് ഒരു എടുത്തുചാട്ടമാണ്, ഇരുട്ടിലേക്കുള്ള എടുത്തുചാട്ടം''. ബൈബിളിൽ ഉദാഹരണങ്ങളേറെ: അബ്രാഹം, മോശ, പരിശുദ്ധ അമ്മ, രക്തസ്രാവക്കാരി സ്ത്രീ, കാനാൻകാരി സ്ത്രീ.... ''എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവർത്തികൾ ചെയ്യും''. ഈ വചനം മനസ്സിലാക്കിയാൽ ഇതൊരു വെല്ലുവിളിയല്ലേ നമ്മുടെ മുൻപിൽ വയ്ക്കുന്നത്?

ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് അനുനിമിഷം പറയുകയും പ്രാർത്ഥിക്കുകയും ചെയ്യുകയും അവന്റെ പ്രവർത്തികൾക്കു നേരെ കണ്ണടയ്ക്കുകയും ചെയ്യുന്ന ഫരിസേയരാണോ നമ്മൾ. വാക്കും പ്രവർത്തിയും ഒന്നാവാതെ, ചില സാഹചര്യങ്ങളിലെങ്കിലും

ആത്മീയ കാപട്യത്തിന്റെ മൂടുപടം ധരിച്ചു നടക്കുന്നവരല്ലേ നമ്മൾ.

കുഞ്ഞുണ്ണി മാഷിന്റെ ഒരു കവിതയുണ്ട്, കഴുകനും മനുഷ്യനും തമ്മിലുള്ള സംഭാഷണ മാണ് സന്ദർഭം.

കഴുകനോട് മനുഷ്യൻ: ''കഴുകാ നീ മുഖം കഴുകാത്തതെന്തേ''?

കഴുകൻ: ''ശവം തിന്മോർ ഞങ്ങൾ മുഖം കഴുകുന്നതെന്തിന്''?

മനുഷ്യൻ: ''മനുഷ്യന്മാർ ഞങ്ങൾ ശവം തിന്നും; മുഖം കഴുകി നന്നായ് പൗഡറങ്ങിടുകയും ചെയ്യും''.

കഴുകൻ: ''അതുശരി നിങ്ങൾ മനുഷ്യന്മാർ, ഞങ്ങൾ കഴുകന്മാരല്ലോ''!

പ്രിയമുള്ളവരെ, ഇന്നത്തെ വചനം ഒരു മാനസാന്തരത്തിന്റെ വചനമാവണം. അല്ലെങ്കിൽ ഒരാത്മശോധനയുടെ വചനമാവണം. എന്റെ ജീവിതത്തിൽ എന്റെ വാക്കിനും എന്റെ പ്രവർത്തികൾക്കും ആധികാരികതയുണ്ടോ? അതോ ഒന്നു പറഞ്ഞ് മറ്റൊന്നു പ്രവർത്തിക്കുന്ന കാപട്യത്തിന്റെ മുഖം മൂടി അണിഞ്ഞവനാണോ ഞാൻ. നിങ്ങളിൽ ആർക്ക് എന്നിൽ കുറ്റം ആരോപിക്കാൻ കഴിയും എന്ന് ചങ്കൂറ്റത്തോടെ പറഞ്ഞ തമ്പുരാന്റെ ശിഷ്യനാവണമെങ്കിൽ, ഒരു ക്രിസ്ത്യാനിയാവണമെങ്കിൽ, അവനിൽ വിശ്വസിച്ച് അവന്റെ പ്രവർത്തികൾ സ്വന്തമാക്കണം. ഇതത്ര എളുപ്പമല്ല. എന്നാൽ നിനക്കാഗ്രഹമുണ്ടെങ്കിൽ അവൻ അത്ഭുതങ്ങൾ ചെയ്യും. നിന്റെ ജീവിതത്തിലെ ചോദ്യചിഹ്നങ്ങളെ ആശ്ചര്യചിഹ്നങ്ങളാക്കി മാറ്റാൻ കഴിവുള്ളവനാണ് ദൈവം. ഒന്നു മാത്രം ചെയ്താൽ മതി; അവനിൽ വിശ്വസിച്ച് അവന്റെ പ്രവർത്തികൾ ചെയ്യുക, നിന്റെ ജീവിതത്തിൽ വാക്കും പ്രവർത്തിയും ഒന്നാക്കുക.

**ഡീക്കൻ ജോസഫ് പാറക്കടവിൽ**